


ഫോട്ടോ : സനേഷ്

ഒട്ടേറെ പ്രതിസന്ധികളുടെ നടുവിൽ നിന്ന് വർഷങ്ങളായി അധികാരകേന്ദ്രത്തിനു നേരെ സമരം ചെയ്യുന്ന ലാലൂർ സമരക്കാർ തങ്ങൾക്ക് കോടതിയുടെയും പൊതുജനങ്ങളുടെയും സഹകരണം കൂടുതൽ ആവശ്യമുണ്ടെന്നതിനാലും മേയറുടെയും മറ്റും അപേക്ഷയെ മാനിച്ചും കർക്കശമായ സമരരീതിയിൽ നിന്ന് തൽക്കാലം പിൻമാറുന്നു. ഇത് സമരക്കാരുടെ ബലഹീനതയായി മേയർ ചിത്രീകരിച്ചപ്പോൾ അവർ അപമാനിച്ചത് നിരവധി സമരമുഖങ്ങളിൽ പോരടിച്ച്, തോറ്റും ജയിച്ചും മുന്നേറി കെട്ടിപ്പടുത്ത കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മഹത്വത്തെയും നൈതികബോധത്തെയുമാണ്.

പൊതുസമൂഹത്തിന്റെ പിന്തുണ ലഭിക്കാത്ത രീതിയിൽ ഒരു സമരത്തെ രാഷ്ട്രീയപരമായും സാംസ്കാരികപരമായും തകർക്കാൻ ശ്രമിക്കുന്ന അധികാരവർഗ്ഗത്തിന്റെ ഭരണതന്ത്രത്തെയും പ്രശ്നപരിഹാരമെന്ന പേരിൽ മുന്നോട്ട് വയ്ക്കുന്ന കപട കരാറുകൾക്കും പദ്ധതികൾക്കുമിടയിൽ ജനകീയ സമരം തേടുന്ന അതിജീവനത്തിന്റെ വഴികളെക്കുറിച്ചും കുറിച്ച് ഒരു നിരീക്ഷണം.

• **നിരീക്ഷണം**

# തോൽപ്പിക്കപ്പെടുമ്പോഴും
# അമർന്നുകത്തുന്ന ലാലൂർ

ജയൻ പി.എം.

*“കയ്പു കുറുക്കി മൊരിച്ച ബിസ്ക്കറ്റുകൾ*
*പൊട്ടിയ ചീനപളുങ്കുപാത്രങ്ങളിൽ*
*വച്ചു നീട്ടുന്ന തവിട്ടു നാട്ടാളരേ*
*നമുക്കൊരുമിച്ച് പൊട്ടിത്തെറിച്ചസ്തമിക്കണം...”*

നിരന്തരം തോറ്റുകൊടുക്കപ്പെടുന്ന സമരങ്ങളാണ് ജയിക്കുന്ന സമരത്തേക്കാൾ അപകടകാരിയെന്നത് സാമാന്യമായ മനശാസ്ത്ര യുക്തിയാണ്. അത് ഏത് നേരവും വീണ്ടും സടകുടഞ്ഞെഴുനേൽക്കാം. അടങ്ങിയൊതുങ്ങിയെന്ന് കരുതിയ സമരത്തിനുമേലെ ആരും ചാരുകസേരയിട്ട് വലിയ വാവെട്ടവുമായി പെട്ടിപ്രസംഗമടിക്കേണ്ടതില്ല. പല സമരങ്ങളെയും അടിച്ചൊതുക്കുമ്പോഴോ, തന്ത്രപൂർവ്വം തോൽപ്പിക്കപ്പെടുമ്പോഴോ സർക്കാരോ അതിന്റെ ഉപവിഭാഗങ്ങളായ അധികാരകേന്ദ്രങ്ങളോ ചെയ്യുന്നത് സമരക്കാരെ വീണ്ടും വീണ്ടും അവഹേളിക്കുക എന്നതാണ്. അധികാരകേന്ദ്രങ്ങൾ ചരിത്രമോ വർത്തമാനമോ മനസിലാക്കാൻ ശ്രമിക്കാത്തതിനാലാണ് ഇത്തരം പ്രതികരണം ഉയരുന്നത്. ചെങ്ങറയല്ല ഇവിടെ പ്രതിപാദ്യം. തൃശൂർ സാംസ്ക്കാരികനഗരിയിലെ മധ്യവർഗ്ഗങ്ങളടക്കമുള്ള മുഴുവൻ പേരും തള്ളിവിടുന്ന മാലിന്യങ്ങളെല്ലാം കൊണ്ടിട്ട് പതിറ്റാണ്ടുകളായി മാലിന്യ-ദുർഗന്ധവാഹകരായി മാറേണ്ടിവന്ന ലാലൂർജനതയുടെ ഗതിയും ഗതികേടുകളുമാണ് പരമാർശിക്കുന്നത്. നിരവധി പതിറ്റാണ്ടിന്റെ പഴക്കമുള്ള ലാലൂർ പ്രശ്നം പല ഘട്ടത്തിലും പ്രത്യക്ഷസമരമായി പൊട്ടിപ്പുറപ്പെടുകയും മാരത്തോൺ ചർച്ചക്കൊടുവിൽ ഇരുട്ടിന് ഓട്ടയടക്കുമ്പോലെ താൽക്കാലികപരിഹാരവുമായി സമരം നിർത്തിവെക്കുകയുമാണുണ്ടാകാറ്. അത്തരത്തിൽ കഴിഞ്ഞ രണ്ടുമൂന്ന് മാസമായി ഇവിടെ വീണ്ടും സ

**ഫ്ളാറ്റുകളിലെ മാലിന്യം അവരുടെ കോമ്പൗണ്ടിൽ തന്നെ സംസ്കരിച്ചാലും ലാലൂരിലെ മാലിന്യത്തിന്റെ അളവിൽ വലിയ കുറവുണ്ടാകും. അത് നടപ്പാക്കാൻ ശേഷിയുള്ളവർ കോർപ്പറേഷനിൽ ഇല്ലെന്നതാണ് സത്യം. തൃശൂരിൽ ഏഴായിരത്തോളം ഫ്ളാറ്റുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിലോരോന്നിലും ശരാശരി 150 നടുത്ത് മുറികളുമുണ്ട്. ഇവർ മൊത്തത്തിൽ പുറത്തേക്ക് വിടുന്ന മാലിന്യത്തിന്റെ അളവ് ഊഹിക്കാവുന്നതേയുള്ളൂ. എന്നാൽ ഫ്ളാറ്റുകാർക്കെതിരെ ശബ്ദിക്കാൻ കോർപ്പറേഷന് ധൈര്യം പോരെന്നാണ് അറിവ്. കാരണം വർഷത്തിൽ ലക്ഷങ്ങളുടെ നികുതി വരുമാനം കിട്ടുന്ന ഏകസ്രോതസ്സാണ് തൃശൂരിലെ ഫ്ളാറ്റുകൾ. ലാലൂരുകാർ തരുന്നതിന്റെ പതിൻമടങ്ങ് നികുതി ഫ്ളാറ്റുകാർ തരുന്നതിനാലാണ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം പോലും കൊടുക്കുന്നതെന്നാണ് കേൾവി.**

മരഭേരി മുഴങ്ങി. സമരത്തിന് തീവ്രത ഏറുമെന്നായപ്പോൾ കോടതി അടക്കമുള്ള സകല അധികാരകേന്ദ്രങ്ങളുടെയും പിന്തുണയിൽ കോർപ്പറേഷൻ അധികൃതർ കേണഭ്യർഥിച്ചതിനെതുടർന്ന് മൂന്നു മാസത്തേക്ക് സമരം നിർത്താൻ സമരസമിതി സ്വയം തീരുമാനിച്ചു. എന്നാൽ സമരം താൽക്കാലികമായി നിർത്തിവച്ച് മണിക്കൂറുകൾ കഴിയുമ്പോഴേക്കും മേയർ അതിനോട് നടത്തിയ പ്രതികരണം അത്യന്തം ഖേദകരമായിപ്പോയി. സമരം നിർത്തിവെക്കാൻ സമരക്കാർ തന്നെ ആഗ്രഹിച്ചിരുന്നു എന്നാണ് മേയർ പറഞ്ഞത്. ഒട്ടേറെ പ്രതിസന്ധികളുടെ നടുവിൽ നിന്ന് വർഷങ്ങളായി അധികാരകേന്ദ്രത്തിനു നേരെ സമരം ചെയ്യുന്നവർ തങ്ങൾക്ക് കോടതിയുടെയും പൊതുജനങ്ങളുടെയും സഹകരണം കൂടുതൽ ആവശ്യമുണ്ടെന്നതിനാലും മേയറുടെയും മറ്റും അപേക്ഷയെ മാനിച്ചും കർക്കശമായ സമരരീതിയിൽ നിന്ന് തൽക്കാലം പിൻമാറുകയായിരുന്നു. ഇത് സമരക്കാരുടെ ബലഹീനതയായി മേയർ ചിത്രീകരിച്ചപ്പോൾ അവർ അപമാനിച്ചത് നിരവധി സമരമുഖങ്ങളിൽ പോരടിച്ച്, തോറ്റും ജയിച്ചും മുന്നേറി കെട്ടിപ്പടുത്ത കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മഹത്വത്തെയും നൈതികബോധത്തെയുമാണ്. സി പി എം എന്ന പ്രസ്ഥാനത്തിൽ അംഗമായ മേയർ നീതിക്കുവേണ്ടിയെന്ന് പാർട്ടിതന്നെ പലപ്പോഴും പറഞ്ഞ ഒരു സമരത്തെ അപഹസിക്കുകയായിരുന്നു. വർഷങ്ങൾക്കു മുമ്പ് കമ്യൂണിസ്റ്റുകാരനായ എ വി ആര്യൻ ചെയർമാനായി നയിച്ച അതേ സമരംതന്നെയാണ് ഇതെന്നത് മേയർക്ക് ഓർമ്മ കാണില്ലെങ്കിൽ പാർട്ടിക്കാരെങ്കിലും പറഞ്ഞുകൊടുക്കേണ്ടതായിരുന്നു. ഇപ്പോൾ മേയറും അവർ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയും തയ്യാറാക്കിയ തിരക്കഥയ്ക്കനുസരിച്ച് സമരക്കാർ വീണു എന്ന ആഹ്ലാദമാകാം അവരെ ഇത്തരത്തിൽ പറയാൻ പ്രേരിപ്പിച്ചതെന്നു വേണം കരുതാൻ.

നിരവധി സമരപോരാട്ടങ്ങൾ നീന്തിക്കടന്നതുകൊണ്ടാകാം സമരത്തെ എങ്ങിനെ വിജയിപ്പിക്കാം എന്നു മാത്രമല്ല, എങ്ങിനെ പൊളിക്കാം എന്ന കാര്യത്തിൽ നല്ല അവഗാഹമുള്ളവരായും സമരരംഗങ്ങളിൽ തണലായി മാറേണ്ടിയിരുന്ന സമുന്നത കമ്യൂണിസ്റ്റ് പ്രസ്ഥാനമായ സി പി എം ഇന്ന് മാറിയിട്ടുണ്ട്. ആഗോളവത്ക്കരണസമരത്തെ ആയാലും ഒടുവിൽ ചെങ്ങറയിലായാലും അത് സി പി എം തെളിയിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും പുതിയ തന്ത്രമാണ് തൃശൂരിൽ ലാലൂർ സമരത്തെ നേരിടുമ്പോഴും കടംകൊള്ളുന്നതെന്നു വ്യക്തമാണ്.

പതിറ്റാണ്ടിന്റെ പഴക്കമുള്ള ലാലൂർ വിഷയം ആദ്യം കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു ഡി എഫും ഇപ്പോൾ സി പി എമ്മിന്റെ നേതൃത്വത്തിലുള്ള എൽ ഡി എഫും കോർപ്പറേഷൻ അധികാരമുപയോഗിച്ച് കൂടുതൽ സങ്കീർണ്ണമാക്കുകയല്ലാതെ ശാശ്വത പരിഹാരത്തിന് ആരും ശ്രമിച്ചിരുന്നില്ല. ലാലൂരിന്റെ ചുറ്റുവട്ടത്തായി 1,500 ഓളം കുടുംബങ്ങളിലായി ഇരുപതിനായിരത്തിനടുത്ത് വ്യക്തികൾ അധിവസിക്കുന്നുണ്ട്. 60 കൊല്ലം മുമ്പ് ശക്തൻതമ്പുരാൻ നാട്ഭരിക്കുമ്പോൾ ഉണ്ടായ ഉത്തരവിനെ തുടർന്നാണ് ഇവിടെ മാലിന്യം നിക്ഷേപിച്ചുതുടങ്ങിയിതെങ്കിലും അന്നത്തെ സ്ഥിതിയല്ല ഇന്നിവിടുള്ളത്. നഗരവത്ക്കരണവും തൃശൂരിന്റെ വികസനവും അതിദ്രുതം മുന്നേറിയതോടെ ഇവിടെ എത്തുന്ന മാലിന്യത്തിന്റെ അളവും ക്രമാതീതമായി ഉയർന്നു, ഒപ്പം അധിവസിക്കുന്നവരുടെ എണ്ണവും. ഇപ്പോൾ നഗരത്തിലെ ഫ്ളാറ്റുകളിലെയും വീടുകളിലെയും അടക്കം മൊത്തം മാലിന്യവും ഇവിടെയാണ് തള്ളുന്നത്. പഴക്കമേറിയ മാലിന്യം കുന്നുകൂടിയും മഴക്കാലത്ത് ചീഞ്ഞളിഞ്ഞും സമീപവാസികൾക്ക് കടുത്ത ദുരിതം സൃഷ്ടിച്ചുതുടങ്ങിയതോടെയാണ് സ്വാഭാവികമെന്ന നിലയിൽ സമീപവാസികൾ പ്രതികരിച്ചുതുടങ്ങിയത്. പലപ്പോഴും ഒറ്റയ്ക്കും കൂട്ടായുമുള്ള ഈ പ്രതികരണത്തിന്റെ പിന്നീടുള്ള ഐക്യരൂപമായാണ് 21 വർഷം മുമ്പ് ലാലൂർ സമരസമിതി രൂപം കൊള്ളുന്നത്. പിന്നീടിങ്ങോട്ട് മാലിന്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ രൂക്ഷമാകുമ്പോഴൊക്കെ സമീപത്തെ കുടുംബങ്ങൾ അളപൊട്ടിയാലെന്നപോലെ പലപല ഘട്ടങ്ങളിൽ സമരവുമായി രംഗത്തെത്താറുണ്ട്. ഇതിനിടയിൽ മാലിന്യം മൂലമുണ്ടായ വിഷവായു ശ്വസിച്ച് മൂന്നോളം പേർ മരിക്കുകയും സമരത്തിൽ പെട്ടവർ ജയിലിലടക്കപ്പെടുകയുമൊക്കെ ചെയ്തു. കേസും ആരോഗ്യപ്രശ്നങ്ങളുമായി സമരം വീണും എഴുന്നേറ്റും മുന്നേറുന്നതിനിടയിൽ പല വട്ടം കോടതിയും മലിനീകരണ നിയന്ത്രണബോർഡുമൊക്കെ ഇവരുടെ സഹായത്തിനെത്തി. അപ്പോഴെല്ലാം കോടതി ഉത്തരുവകളെയും മറ്റു പല നിയന്ത്രണരേഖകളെയും ലംഘിച്ച് കോർപ്പറേഷൻ മുന്നോട്ട്പോകുകയായിരുന്നു. സമരം ഉയരുമ്പോൾ അതാത് സമയങ്ങളിൽ കോർപ്പറേഷൻ അധികാരികൾ താൽക്കാലിക പരിഹാരം നിർദേശിച്ച് സമരത്തെ തണുപ്പിക്കും. ചെറിയ ചെറിയ നേട്ടങ്ങളുണ്ടാകുമെങ്കിലും വീണ്ടും മാലിന്യം സൃഷ്ടിക്കുന്ന അനാരോഗ്യപരവും അല്ലാത്തതുമായ പ്രശ്നങ്ങൾ ഈ ജനതയെ എന്നും വേട്ടയാടിയിരുന്നു. അതിന്റെ ഒടുവിലത്തേതാണ് ഇക്കഴിഞ്ഞ മഴക്കാലം മുതൽ ലാലൂരിൽ വീണ്ടും ഉടലെടുത്തത്. മഴക്കാലത്ത് ട്രഞ്ചിംഗ് ഗ്രൗണ്ടിൽ വെള്ളക്കെട്ടുണ്ടാകുകയും ക്രമേണ ഈ ജലം സമീപത്തെ വീടുകളിലേക്കും കിണറുകളിലേക്കും കുത്തിയൊഴുകുകയുമുണ്ടായി. വീണ്ടും ലാലൂരുകാർ നിത്യജീവിതത്തിന്റെ പങ്കപ്പാടുകളെല്ലാം മാറ്റിവച്ച് സമരരംഗത്തേക്ക് ഇറങ്ങിയത് ഇതിനാലാണ്. കടുത്ത ആരോഗ്യപ്രശ്നം ഉടലെടുത്തതോടെ മലിനീകരണനിയന്ത്രണ ബോർഡ് ഇടപെട്ടു. നിരവധി കിണറുകൾ ഉപയോഗശൂന്യമായതായി അവർ കണ്ടെത്തി. പ്രശ്നം സ്വകാര്യ അന്യായമായി കോടതിയിൽ

എത്തിയതോടെ ജില്ലാജഡ്ജി അന്വേഷണത്തിനായി ഇവിടെ എത്തി. അതിദാരുണമായ ലാലൂരിലെ ജീവിത സഹാചര്യം നേരിൽ കണ്ട ജഡ്ജി ലാലൂർ ജനതയുടെ സ്പന്ദനം അറിഞ്ഞുകൊണ്ടുള്ള റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. ലാലൂർ പ്രശ്നം നിയന്ത്രിക്കാനായി കലക്ടറുടെ ചുമതലയുള്ള സമിതി ഉണ്ടെങ്കിലും അവരും നിസ്സഹായത പുലർത്തി. എന്നാൽ മുമ്പെന്നത്തേതുപോലെ കോർപ്പറേഷൻ സമരക്കാരെ തണുപ്പിക്കാനായി ചില ചില വാഗ്ദാനങ്ങൾ മുന്നോട്ടു വച്ചു. ലാലൂരിലെ മാലിന്യങ്ങൾ മുഴുവനും നീക്കം ചെയ്യാൻ തയ്യാറുള്ള കമ്പനികൾക്കായി ടെൻഡർ വിളിച്ചതായിരുന്നു അത്. സമരക്കാരും കരുതി അങ്ങിനെയെങ്കിലും മാലിന്യം ഇവിടുന്ന് നീക്കുമെന്ന്. നിശ്ചിതതിയ്യതിക്കകം മാലിന്യം നീക്കിതുടങ്ങണമെന്ന കോടതിയുടെ ഒരു ഉത്തരവും കോർപ്പറേഷന് ലഭിച്ചിരുന്നു.

ഇതിനിടയിലാണ് സി പി എം ജില്ലാകമ്മിറ്റി പുതിയ തന്ത്രവുമായി രംഗപ്രവേശനം ചെയ്യുന്നത്. മാലിന്യം ലാലൂരിൽ നിന്ന് ധൃതി പിടിച്ച് മാറ്റുന്നത് വലിയ പ്രശ്നങ്ങളുണ്ടാക്കുമെന്നും പ്രശ്നം പരിഹരിക്കാൻ തങ്ങളുടെ പക്കൽ ചില തുറുപ്പുചീട്ട് ഉണ്ടെന്നുമായിരുന്നു സി പി എം ജില്ലാസെക്രട്ടറിയുടെ പ്രസ്താവന. സമരത്തിനോട് ചെറിയൊരു അനുതാപം പ്രകടിപ്പിച്ചിരുന്ന ജില്ലാകല്ടറെ വിമർശിക്കാനും പാർട്ടി സെക്രട്ടറി തയ്യാറായി. അപ്പോൾ തന്നെ ചിത്രം വ്യക്തമായിരുന്നു, ലാലൂർ മാലിന്യം ഇപ്പോഴൊന്നും നീക്കില്ലെന്ന്. കോടതിയുടെ നീക്കത്തെ മറികടക്കാനായി മലിനീകരണ നിയന്ത്രണബോർഡിന്റെ സഹായവും കോർപ്പറേഷൻ തേടിയത് ഇതിനെതുടർന്നായിരുന്നു. ലാലൂരിൽ നിന്ന് മാലിന്യങ്ങൾ പുറത്തേക്ക് കൊണ്ടുപോകുമ്പോൾ ഒട്ടേറെ പാരിസ്ഥിതിക പ്രശ്നമുണ്ടാകുമെന്ന തരത്തിലായിരുന്നു മലിനീകരണനിയന്ത്രണ ബോർഡിന്റെ നിരീക്ഷണം. കൊണ്ടിടുന്ന സ്ഥലത്തെക്കുറിച്ചും അവിടുത്തെ അനുമതിയും വാങ്ങണം. ഇത്തരം കാര്യങ്ങൾ കോർപ്പറേഷൻ കോടതിയെ ബോധ്യപ്പെടുത്തിയതോടെ താൽക്കാലികമായെങ്കിലും കോടതി കോർപ്പറേഷന് അനുകൂലമായി. വർഷങ്ങളായി മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മറ്റും നിയമങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന ലാലൂർ ട്രഞ്ചിംങ്ഗ്രൗണ്ട് നിലനിൽക്കുമ്പോഴാണ് പുറത്തേക്ക് കൊണ്ടുപോകുമ്പോഴുണ്ടാകുന്ന പ്രതിസന്ധിയെക്കുറിച്ച് ആകുലപ്പെടുന്നത്. ഇത്തരത്തിൽ കടുത്ത വഞ്ചനാപരമായ സമീപനം കോർപ്പറേഷൻ എടുത്തപ്പോഴാണ് മാലിന്യവണ്ടി തടയുന്ന രീതിയിലേക്ക് സമരം നീങ്ങിയത്. സമരക്കാരെ പോലീസിനെ ഉപയോഗിച്ച് നീക്കാമെന്ന കോടതി അനുമതിയും കിട്ടിയതോടെ കോർപ്പറേഷൻ അധികാരികൾ കൂടുതൽ ശക്തരായി. എന്നാൽ ബലപ്രയോഗം ബുദ്ധിപരമായ നടപടിയാകില്ലെന്ന് മനസിലാക്കിയ അധികാരികൾ സമരക്കാരെ അനുനയിപ്പിച്ച് മൂന്ന് മാസത്തേക്ക് സമരം നിർത്തിവെപ്പിക്കുകയായിരുന്നു.

**ബദൽ പരിഹാര നീക്കങ്ങൾ പൊളിക്കുന്നതാര്?**

ഏത് പ്രശ്നവും പരിഹരിക്കാൻ മെഗാപദ്ധതികൾ തയ്യാറാക്കുക എന്നത് ആധുനികകാലത്തെ ഉദ്യോഗസ്ഥ-രാഷ്ട്രീയ മേഖലയിലെ താപ്പാനകൾക്ക് താൽപ്പര്യമുള്ള വിഷയമാണ്. അതുകൊണ്ട് രണ്ടുണ്ട് കാര്യങ്ങൾ. പ്രശ്നത്തിന് താൽക്കാലികമയെങ്കിലും പരിഹാരമുണ്ടാകും, അത്തരം പദ്ധതികൾക്കായി മറിയുന്ന കോടികളുടെ കമ്മീഷൻ കൃത്യമായി പോക്കറ്റിലാകുകയും ചെയ്യും. ഇത്തരം പദ്ധതികൾ പൂർത്തിയാക്കാനുള്ള കാലയളവ് ഏറെ പിടിക്കുമെന്നതിനാൽ ഉടലെടുത്ത സമരകോലാഹലങ്ങൾക്ക് ചെറിയ ഇടവേള കിട്ടുകയും ചെയ്യും. കേരളത്തിൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അനുഭവപ്പെടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായ മാലിന്യസംസ്ക്കരണപ്രശ്നത്തിലും ഇതേ വൻകിട പരിഹാരമാർഗ്ഗങ്ങളാണ് അധികാരികൾ മുന്നോട്ടുവെക്കാറ്. ഒരു നഗരത്തിലെ മുഴുവൻ മാലിന്യവും ഒരു പ്രത്യേക സ്ഥലത്ത് കൊണ്ടിട്ട് ലക്ഷങ്ങളുടെ തുകയുള്ള മെഷിനറി ഉപയോഗിച്ച് സംസ്ക്കരിച്ച് വളമാക്കി മാറ്റുന്ന പ്രക്രിയയാണത്. ആദ്യകാലത്തെ സമരത്തിനു പരിഹാരമായി ഇതേ രീതിതന്നെയാണ് ലാലൂരിലും അധികൃതർ ചെയ്തത്. മാലിന്യം സംസ്ക്കരിച്ച് വളമാക്കാനായി 63 ലക്ഷം ചിലവവിട്ട് മൂന്ന് ഓർഗൈവറുകൾ ഇവിടെ സ്ഥാപിച്ചു. ഒരു വർഷം കഴിയുമ്പോഴേക്ക് മൂന്നെണ്ണവും കേടായി. ഇത് വർഷങ്ങൾക്കു മുമ്പുള്ള കഥയാണ്. കോടികൾ ചെലവഴിച്ച ഉപകരണങ്ങൾ ഉണ്ടായിട്ടും പ്രശ്നത്തിന് പരിഹാരമായില്ലെങ്കിലും അതിന്റെ ഭാഗമായി പലർക്കും ലഭിച്ച കമ്മീഷൻ മാത്രം മിച്ചം. നേരത്തെയുള്ള മെഷീനുകൾ റിപ്പയർ ചെയ്യുന്നതിനു പകരം പ്രശ്നപരിഹാരത്തിന് പുതിയ പല മെഗാപ്രൊജക്റ്റുകളാണ് പിന്നീട് രംഗത്തെത്തിയത്. എ ഡി ബി ഫണ്ടുപയോഗിച്ചുള്ള സുസ്ഥിരനനഗരവികസനപദ്ധതി(കെ.എസ്.യു.ഡി.പി)യിൽ ഉൾപ്പെടുത്തി മാലിന്യം സംസ്ക്കരിക്കാനുള്ള പദ്ധതിയാണത്. ടൺകണക്കിന് മാലിന്യങ്ങൾ സംസ്ക്കരിക്കുന്ന അഞ്ചു കോടിയുടെ പദ്ധതിയാണിത്. ഇതുവന്നാലും ലാലൂരിൽ പ്രശ്നങ്ങൾ കൂടുകയല്ലാതെ കുറയില്ല. ഈ പദ്ധതി വന്നാൽ തൃശൂരിനു പുറത്തുനിന്നു പോലും മാലിന്യം ഇവിടേക്ക് കൊണ്ടുവരേണ്ട അവസ്ഥയുണ്ടാകും. പദ്ധതി വന്നാൽ 164 ടൺ മാലിന്യമെങ്കിലു ദിവസം വേണ്ടിവരും. നിലവിൽ തൃശൂരിൽ നിന്ന് ഇവി

**വരയും വരിയും** റഫീക്ക് അഹമ്മദ്






ടെയെത്തുന്നത് വെറും 58 ടൺ മാത്രമാണ്. ഈ പദ്ധതിക്കെതിരെ സമരസമിതിക്കാർ പരാതി നൽകിയിരുന്നു. പദ്ധതി നടപ്പാക്കുന്നതിന് മലിനീകരണ നിയന്ത്രണബോർഡിന്റെ അംഗീകാരവും ലഭിച്ചിട്ടില്ല. എന്നിട്ടും കോർപ്പറേഷൻ ഇതേ പദ്ധതിയെക്കുറിച്ച് പറയുമ്പോൾ ഈ മെഗാ പ്രൊജക്ടിനോട് കോർപ്പറേഷനുള്ള പ്രത്യേക താൽപ്പര്യം എത്രമാത്രമാണെന്ന് വ്യക്തം.

മാലിന്യം ഉത്ഭവസ്ഥാനത്തുവച്ച്തന്നെ സംസ്ക്കരിക്കുക. വികേന്ദ്രീകരിച്ചുകൊണ്ട് മാലിന്യം സംസ്ക്കരിക്കുക, പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തുക, ശക്തമായ ബോധവത്ക്കരണം എന്നിങ്ങനെ ചിലവുകുറഞ്ഞ സമാന്തരമാർഗ്ഗങ്ങൾ ഏറെയുള്ളപ്പോഴാണ് ഇത്തരം മെഗാപ്രൊജക്ടുകളുമായി കോർപ്പറേഷൻ രംഗത്തുവരുന്നതെന്നോർക്കണം. ലാലൂരിലെത്തുന്ന മാലിന്യത്തിൽ ചെറിയ കുറവെങ്കിലും വരുത്താൻ കുരിയച്ചിറയിൽ വൻ തുക ചിലവിട്ട് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചിരുന്നു. നിർമ്മാണം പൂർത്തിയായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഇതിനിടയിൽ ജില്ലയിൽ മാലിന്യം വികേന്ദ്രീകരിച്ച് സംസ്ക്കരിക്കാൻ ഒമ്പത് ബയോഗ്യാസ്പ്ലാന്റ് തുടങ്ങുമെന്ന് കോർപ്പറേഷൻ ഈയിടെ കോടതിയെ അറിയിച്ചിട്ടുമുണ്ട്. പണി കഴിഞ്ഞ പ്ലാന്റ് പ്രവർത്തിപ്പിക്കാത്തവർ കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങുമെന്ന് പറയുമ്പോഴും എഡി ബിയുടെ മെഗാ പദ്ധതിയെക്കുറിച്ചും നിർത്താതെ പറയുന്നുണ്ട്. ഇവിടെയാണ് കോർപ്പറേഷന്റെ കാപട്യം വ്യക്തമാകുന്നത്. കോടതിയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് വൻ പദ്ധതി നടപ്പാക്കാൻ തന്നെയാണ് ഇവർ ശ്രമിക്കുന്നത്.

ഫ്ളാറ്റുകളിലെ മാലിന്യം അവരുടെ കോമ്പൗണ്ടിൽ തന്നെ സംസ്ക്കരിച്ചാലും ലാലൂരിലെ മാലിന്യത്തിന്റെ അളവിൽ വലിയ കുറവുണ്ടാകും. അത് നടപ്പാക്കാൻ ശേഷിയുള്ളവർ കോർപ്പറേഷനിൽ ഇല്ലെന്നതാണ് സത്യം. തൃശൂരിൽ ഏഴായിരത്തോളം ഫ്ളാറ്റുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിലോരോന്നിലും ശരാശരി 150 നടുത്ത് മുറികളുമുണ്ട്. ഇവർ മൊത്തത്തിൽ പുറത്തേക്ക് വിടുന്ന മാലിന്യത്തിന്റെ അളവ് ഊഹിക്കാവുന്നതേയുള്ളു. എന്നാൽ ഫ്ളാറ്റുകാർക്കെതിരെ ശബ്ദിക്കാൻ കോർപ്പറേഷന് ധൈര്യം പോരെന്നാണ് അറിവ്. കാരണം വർഷത്തിൽ ലക്ഷങ്ങളുടെ നികുതി വരുമാനം കിട്ടുന്ന ഏകസ്രോതസ്സാണ് തൃശൂരിലെ ഫ്ളാറ്റുകൾ. ലാലൂരുകാർ തരുന്നതിന്റെ പതിൻമടങ്ങ് നികുതി ഫ്ളാറ്റുകാർ തരുന്നതിനാലാണ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം പോലും കൊടുക്കുന്നതെന്നാണ് കേൾവി. ബദൽ മാർഗ്ഗങ്ങളുടെ ശാസ്ത്രീയമായ നടപ്പാക്കലിനോട് കോർപ്പറേഷന് ഒട്ടും താൽപ്പര്യമില്ലെന്നാണ് ഇത്തരം കാര്യങ്ങൾകൊണ്ട് മനസിലാക്കാൻ കഴിയുന്നത്. പിന്നെ സമരമല്ലാതെ വേറെന്തുമാർഗ്ഗം.

**സമരത്തിന്റെ ബാഹ്യപിന്തുണക്കെന്ത് പറ്റി?**

പതിറ്റാണ്ടുകളുടെ ചരിത്രമുള്ള സമരമായിട്ടും ലാലൂരിലെ ഇപ്പോഴത്തെ സമരമുഖത്ത് ലാലൂരുകാർ മാത്രമായി ഒതുങ്ങിയതെന്താണെന്നത് സമരം താൽക്കാലിമായി നിർത്തിവെക്കപ്പെടുന്ന വേളയിൽ ചിന്തിക്കേണ്ടതുണ്ട്. ഒരു കാലത്ത് പ്രമുഖ എഴുത്തുകാരും സാംസ്ക്കാരിക പ്രവർത്തകരും അണിനിരന്ന സമരത്തിന് മാധ്യമങ്ങൾ കൊടുക്കുന്ന പ്രധാന്യം പോലും ലാലൂരിനു പുറത്തുള്ള ആക്ടിവിസ്റ്റുകൾ കൊടുക്കുന്നില്ലെന്നതാണ് സത്യം. രണ്ടു മൂന്ന് മാസക്കാലമായി വ്യത്യസ്ത രീതിയിൽ ലാലൂർ സമരം നിറഞ്ഞുനിന്നപ്പോൾ സ്വയം സന്നദ്ധമായി ഈ സമരത്തിനോട് ധാർമ്മിക പിന്തുണയുമായി എത്തേണ്ടവർ മൗനത്തിലായതെന്തേ? ഇത്തരമൊരു ഐക്യവേദി ഉണർന്നുവരാത്തതിൽ നിലവിൽ സമരത്തിലുള്ളവർക്ക് വേദനയുണ്ട്. ലാലൂർ സമരം നടക്കുമ്പോൾ കോർപ്പറേഷനു മുമ്പിൽ ധർണ്ണ നടത്തിയെങ്കിലും ചിലർ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. എന്നാൽ സമരത്തിന് ശക്തമായ ദിശ നിർണ്ണയിക്കാൻ ഇടപെടുന്നതിനു പകരം ഇത്തരം ഇടപെടലിന്റെ കരുത്തില്ലായ്മ പരിശോധിക്കേണ്ടതുണ്ട്. ലാലൂർ സമരത്തെ പൊതുവിഷയമായി ഉയർത്താൻ ബാഹ്യവ്യക്തികൾക്ക് താൽപ്പര്യമില്ലാതെ പോയോ? സാംസ്ക്കാരിക താരങ്ങളെല്ലാം സി പി എമ്മിന്റെ തണലിൽ നല്ലപിള്ളകളായി പുനരധിവസിക്കുന്ന പുതിയ കാലത്ത് ഇത്തരം സമരങ്ങളെ ഗൗനിക്കുക എന്നതും സാംസ്ക്കാരിക പ്രവർത്തനമാകാം.